LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന്റെ കടബാദ്ധ്യത - റവന്യൂ വരുമാന അനുപാതം

183 (529) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ കടബാധ്യത - റവന്യൂ വരുമാന അനുപാതം അഖിലേന്ത്യാ ശരാശരിയേക്കാൾ എത്ര ശതമാനം കൂടുതലാണെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക ആസ്തിയുടെ എത്ര ശതമാനം സാമ്പത്തിക ബാധ്യതയുണ്ട് ;

(സി) കടബാധ്യതയാൽ ഞെരുക്കപ്പെടുന്ന (debt stressed) സംസ്ഥാനമായിട്ടാണോ ഇപ്പോൾ കേരളം പരിഗണിക്കപ്പെടുന്നത് ;

(ഡി) സാമ്പത്തിക ക്രമീകരണത്തിന്റെ ലക്ഷ്യങ്ങളിൽനിന്നും കേരളം ഇത്ര യധികം വ്യതിചലിച്ചു പോകുവാനുള്ള കാരണങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) 2010-11-ലെ കണക്കനുസരിച്ച് കേരളത്തിന്റെ കടബാദ്ധ്യത-റവന്യൂ വരുമാന അനുപാതം അഖിലേന്ത്യാ ശരാശരിയേക്കാൾ 52.56% കൂടുതലാണ്.

(ബി) 2012-13-ൽ സംസ്ഥാനത്തിന്റെ സാമ്പത്തിക ബാദ്ധ്യത സാമ്പത്തിക ആസ്തിയുടെ 248 % ആണ്.

(സി) പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ മാനദണ്ഡമനുസരിച്ച് കടബാദ്ധ്യത-ജി.എസ്.ഡി.പി. അനുപാതം 35% ലേറെയും പലിശ - റവന്യൂ വരുമാന അനുപാതം 22% ലേറെയും കടബാദ്ധ്യത (ഗ്യാരണ്ടി ഉൾപ്പെടെ) -റവന്യൂ വരുമാന അനുപാതം 300%-ൽ അധികമുള്ള സംസ്ഥാനങ്ങളെയാണ് debt stressed ആയി കണക്കാക്കുന്നത്. ഇത് അനുസരിച്ച് 2012-13-ലെ യഥാർത്ഥ കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനം debt stressed ആയി കണക്കാക്കുവാൻ കഴിയുകയില്ല. എന്നിരുന്നാലും 14-ാം ധനകാര്യ കമ്മീഷൻ റവന്യൂ കമ്മിയുള്ള സംസ്ഥാനങ്ങളുടെ ഗണത്തിലാണ് കേരളത്തേയും ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും Tax -GSDP വളർച്ച നിരക്കിലുള്ള കുറവും കേന്ദ്രവിഹിതത്തിലുള്ള ഗണ്യമായ കുറവും കാരണമാണ് ധന ഉത്തരവാദിത്വ നിയമത്തിൽ അനുശാസിക്കുന്ന സാമ്പത്തിക ദൃഢീകരണ പ്രക്രിയയുടെ ലക്ഷ്യങ്ങൾ (Debt -GSDP ഒഴികെ) നേടാൻ സംസ്ഥാനത്തിന് കഴിയാതിരുന്നത്.